നാട്ടിനകത്തും പുറത്തും, വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും, നിറഞ്ഞുനിൽക്കുന്ന കുഴപ്പങ്ങളെപ്പററി ചിന്തിക്കുമ്പോൾ ഞാനും, ചിലപ്പോഴൊക്കെ ആഗ്രഹിക്കാറുണ്ട്. 'യേശുക്രിസ്തു ഒന്നു വന്നുകിട്ടിയെങ്കിൽ!' എന്ന്. നിങ്ങളോ?

19–8–1984

# 19. സോവിയററ് മുസ്‌ലീങ്ങൾ

സോവിയററ് യൂണിയനിൽ ആകെ ഇരുപത്തേഴരക്കോടിയോളം ജനങ്ങളുണ്ട്. ഇവരിൽ അഞ്ചുകോടിയെങ്കിലും മുസ്ലീങ്ങളാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. മുസ്ലീം ജനസംഖ്യയെ ആധാരമാക്കിനോക്കിയാൽ ലോകരാഷ്ട്രങ്ങളിൽ അഞ്ചാമത്തെ സ്ഥാനമായിരിക്കും സോവിയററ് റഷ്യയ്ക്ക്. ഏററവും കൂടുതൽ മുസ്ലീങ്ങൾ പാർക്കുന്ന രാഷ്ട്രം ഇൻഡോനേഷ്യയാണ് (ആകെ ജനസംഖ്യ പതിനാറുകോടിയിലേറെ). തൊട്ടടുത്ത സ്ഥാനമായിരിക്കണം ഇന്ത്യയ്ക്ക്. ഇന്ത്യയിലുള്ളതിൽ കുറവാണ് ബംഗ്ലാദേശ് (ആകെ ജനസംഖ്യ പത്തുകോടിയോളം), പാകിസ്ഥാൻ (ആകെ ജനസംഖ്യ ഒമ്പതേമുക്കാൽ കോടിയോളം) എന്നീ രാഷ്ട്രങ്ങളിൽ മുസ്ലീങ്ങളുടെ സംഖ്യ. ഈറാനിൽ (ആകെ ജനസംഖ്യ നാലരകോടിയിൽ താഴെ) മുസ്ലീങ്ങളുടെ എണ്ണം സോവിയററ് യൂണിയനിലെ മുസ്ലീങ്ങളുടെ എണ്ണത്തേക്കാൾ കുറവാണ്. തുർക്കിയിലും ഈജിപ്തിലും ആകെ ജനസംഖ്യ നാലരക്കോടിയോളമാകുന്നു. സൗദി അറേബ്യയിലാണെങ്കിൽ, ഒരുകോടിയിലേറെ ജനങ്ങളേയുള്ളു.

ഈറാനിൽ ആയത്തൊള്ളഖൊമൈനി അധികാരത്തിൽ വന്നതിനെത്തുടർന്ന്, പാശ്ചാത്യമാതൃകകളിൽനിന്നു വിടർത്തി രാജ്യഭരണത്തെ ഇസ്ലാമികമാതൃകയിലേക്ക് തിരിച്ചുകൊണ്ടുപോകുന്നതിനുള്ള ഒരു പ്രസ്ഥാനം പല ഇസ്ലാമികരാഷ്ട്രങ്ങളിലും ശക്തിപ്പെട്ടിട്ടുണ്ട്. 'ഇസ്ലാമിക് ഫണ്ഡമെൻറലിസം എന്ന പേരിൽ അറിയപ്പെടുന്നത് ഈ പ്രസ്ഥാനമാകുന്നു. ശരിയത്തിനെച്ചൊല്ലി കേരളത്തിൽ നടന്നുവരുന്ന വാദകോലാഹലത്തെ, ഈ പ്രസ്ഥാനത്തിന്റെ ഒരു ഭാഗമായി കണക്കാക്കാം.

സോവിയററ് യൂണിയനിലെ മുസ്ലീങ്ങൾക്കിടയിൽ 'ഇസ്‌ലാമിക് ഫണ്ഡമെൻറലിസം' വല്ല സ്വാധീനവും ചെലുത്തിയിട്ടുണ്ടോ? പാശ്ചാത്യപത്രങ്ങൾ ഈ പ്രശ്നത്തിൽ വലിയ താൽപ്പര്യം പ്രദർശിപ്പിക്കുന്നുണ്ട്. ഇസ്ലാമികമാതൃകയിലുള്ള ഭരണത്തിന് കമ്യൂണിസ്റ്റ് മാതൃകയിലുള്ള ഭരണവുമായി പൊരുത്തപ്പെട്ടുപോവുക പ്രയാസമായിരിക്കുമെന്നും, അതിനാൽ, സോവിയററ് യൂണിയനിലെ മുസ്ലീങ്ങൾക്കിടയിൽ 'ഇസ്ലാമിക് ഫണ്ഡമെൻറലിസം' ശക്തിപ്പെടുന്നപക്ഷം, സോവിയററ് യൂണിയനിലെ മുസ്ലിം ഭൂരിപക്ഷപ്രദേശങ്ങൾ സ്വയം നിർണയാവകാശം ഉപയോഗിച്ച് സോവിയററ് യൂണിയനിൽനിന്ന് വിട്ടുപോരുമെന്നും അങ്ങനെ സോവിയററ് യൂണിയന്റെ ശിഥിലീഭവനം ആരംഭിക്കുമെന്നും പ്രതീക്ഷിക്കുന്ന പാശ്ചാത്യർ കുറവല്ല.

19 7–ലെ വിപ്ലവത്തിനുമുമ്പ് റഷ്യയിലെ സാർ ചക്രവർത്തിമാർ തങ്ങളുടെ അധീനത്തിലുള്ള പ്രദേശങ്ങളിലെ മുസ്ലീങ്ങളെ അടിച്ചമർത്തുകയാണുചെയ്തിരുന്നത്. വിപ്ലവത്തെത്തുടർന്ന് ലെനിൻ ഇവർക്ക് പൂർണമായ മതസ്വാതന്ത്ര്യം വാഗ്ദാനംചെയ്തു. എന്നാൽ, സ്റ്റാലിന്റെ കീഴിൽ ഈ നിലയിൽ ഒരു മാററംവന്നു. മതം ഒരു വിഘടനശക്തിയായിരിക്കുമെന്നു കരുതിയ സ്റ്റാലിൻ നിർമതത്വത്തെ പ്രോത്സാഹിപ്പി

ച്ച; ന്യൂനപക്ഷങ്ങളെ മുഖ്യദേശീയധാരയിലേക്ക് ആനയിക്കുന്നതിനു് നിർബന്ധം ചെലുത്തുകയുംചെയ്തു.

രണ്ടാം മഹായുദ്ധകാലത്തു് ഈ സ്ഥിതി വീണ്ടും വ്യത്യാസപ്പെട്ടു. മഹത്തായ ദേശാഭിമാനയുദ്ധത്തിൽ എല്ലാ ജനവിഭാഗങ്ങളുടെയും ആത്മാർത്ഥമായ സഹകരണം ലഭിക്കുന്നതിനുവേണ്ടി, ദേശീയ ജനവിഭാഗങ്ങളുടെ സംസ്കാരത്തിനും വിശ്വാസത്തിനും ജീവിതരീതിക്കും സമഗ്രമായ സംരക്ഷണം നൽകുമെന്നു് സോവിയററ് അധികൃതർ പ്രഖ്യാപിച്ചു.

റഷ്യൻ ഓർത്തഡോക്സ് (ക്രിസ്ത്യൻ) ചർച്ചിനു് ആരാധനാസ്വാതന്ത്ര്യവും മതഗ്രന്ഥ പ്രസിദ്ധീകരണസ്വാതന്ത്ര്യവും കൈവന്നതു് ഇതിനെത്തുടർന്നാണു്. ഇതേ സ്വാതന്ത്ര്യം സോവിയററ്യൂണിയനിലെ മുസ്ലിം ജനവിഭാഗങ്ങൾക്കും നൽകപ്പെട്ടു. സർക്കാരിൻെറ ചില നിയന്ത്രണങ്ങൾക്കു വിധേയമായി, സ്വന്തം മതാചാരങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇപ്പോൾ സോവിയററ് യൂണിയനിലെ മുസ്ലീങ്ങൾക്കുണ്ടു്.

മുസ്ലീങ്ങളുടെ മതകാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനു് സോവിയററ് യൂണിയനിൽ നാലു് 'മുസ്ലീം ബോർഡുകൾ' ഇപ്പോൾ ഉണ്ടു്. ഇവയിൽ, കാക്കസസ്സിന്നപ്പുറമുള്ള പ്രദേശങ്ങൾക്കു(ട്രാൻസ്കോക്കേഷ്യ)വേണ്ടിയുള്ള ബോർഡു് ബാക്കുവിലും, മദ്ധ്യേഷ്യയ്ക്കും കസാക്സ്ഥാനും വേണ്ടിയുള്ള ബോർഡു് താഷ്കെൻറിലും, സൈബീരിയയ്ക്കും യൂറോപ്യൻ റഷ്യയ്ക്കുംവേണ്ടിയുള്ള ബോർഡു് ഉഫയിലും ദാഗിസ്ഥാൻ, കാക്കസസ്സിൻെറ വടക്കുഭാഗങ്ങൾ എന്നീ പ്രദേശങ്ങൾക്കുവേണ്ടിയുള്ള ബോർഡു് മഖച്കലയിലും പ്രവർത്തിക്കുന്നു.

ബാക്കു തലസ്ഥാനമായി ട്രാൻസ്കോക്കേഷ്യയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ബോർഡിൻെറ കീഴിലാണു് അസർബൈജാനികൾ. തൊട്ടടുത്തുള്ള ഈറാനിലെ മുസ്ലീങ്ങളെപ്പോലെ ഷിയാവിഭാഗത്തിൽപ്പെട്ടവരാണു് ഇവർ. ഇവരിൽ പലരും നിഷ്ഠയോടെ മുസ്ലീം മതാചാരങ്ങൾ പുലർത്തുകയും കുട്ടികളെ മദ്രസ്സകളിൽ ചേർത്തു് ഖുർ—ആൻ ഓതിക്കുകയുംചെയ്യുന്നു. മുപ്പത്തേഴ് വയസ്സുള്ള ശേഖ് അൽ ഇസ്ലാം അല്ലാഷുക്കൂർ പാഷാജാഡേ എന്നൊരാളാണു് ഇവരുടെ ഇപ്പോഴത്തെ മതനേതാവു്.

സോവിയററ് മുസ്ലീങ്ങളിൽ എത്രപേർ നിയമേന പള്ളികളിൽ പോകുന്നുണ്ടു്? 'ഞങ്ങളുടെ കൈയിൽ അതിൻെറ കണക്കുകളില്ല' എന്നാണത്രേ മുസ്ലിം ബോർഡുകളുടെ ഭാരവാഹികൾ പറയാറു്. എങ്കിലും, അസർബൈജാനികൾ, ഉസ്ബെക്കുകൾ, താജിക്കുകൾ, തുർക്ക്മെൻമാർ, കസാക്കുകൾ മുതലായ സോവിയററ്—മുസ്ലിം ജനവിഭാഗങ്ങളിൽ അധികംപേരും ഇപ്പോഴും ജനനം, വിവാഹം, മരണം എന്നീ അവസരങ്ങളുമായി ബന്ധപ്പെട്ട മതചടങ്ങുകൾ അനുഷ്ഠിക്കുന്നവരാണു്. രജിസ്ട്രാപ്പീസിൽവെച്ചു് വിവാഹക്കരാറിൽ ഒപ്പിട്ടയുടൻ ഉസ്ബെക്ക് വധൂവരന്മാർ പള്ളിയിൽച്ചെന്നു് വിവാഹം സംബന്ധിച്ച ചടങ്ങിൽ പങ്കുകൊള്ളുന്നതിനെ താഷ്കെൻറിലെ കമ്യൂണിസ്റ്റ്പാർട്ടി പത്രം ആക്ഷേപിച്ചിട്ടുണ്ടു്. ഉസ്ബെക്കുകളുടെ ശവസംസ്കാരങ്ങളും സാധാരണയായി പഴയ മുസ്ലീം ചടങ്ങുകൾ അനുസരിച്ചുതന്നെയാണു്. താഷ്കെൻറിലെ മുസ്ലിം മതനേതാക്കൾ മററു രാജ്യങ്ങളിൽ നടക്കുന്ന ഇസ്ലാമിക്സമ്മേളനങ്ങളിൽ പങ്കെടുക്കാറുമുണ്ടു്.

താഷ്കെൻറനഗരത്തിൽ ആകെ പതിനഞ്ചു മുസ്ളീംപള്ളികളിലാണു് ഇപ്പോൾ മതചടങ്ങുകൾ നടന്നുവരുന്നതു്. ബാക്കുവിൽ രണ്ടും സമർകന്ദിലും ബുഖാറയിലും മൂന്നുവീതം മുസ്ളിം പള്ളികളിൽ മാത്രമേ ഇപ്പോൾ മതചടങ്ങുകൾ നടക്കുന്നുള്ളൂ. ഇസ്ളാമിക ഉന്നതപഠനത്തിനു് സോവിയററ് യൂണിയനിലുള്ള ഏകസ്ഥാപനം ബുഖാറയിലെ 'മീർ—ഇ—അരബ്'' ആണു്. 1925—ൽ ബുഖറായിലെ അമീറിനെ സോവി

യററ് ചെമ്പട തോല്പിച്ചപ്പോൾ അടച്ചിട്ട ഈ മദ്രസ്സ 1946–ൽ ആണ് വീണ്ടും തുറന്നത്. ഇതിൽ ഇപ്പോൾ തൊണ്ണൂറ് വിദ്യാർത്ഥികളുണ്ട്. ഇസ്ലാമിനോടൊപ്പം ഇവർ സോവിയററ് നിയമം, സോവിയററ് ഭരണസംവിധാനം, ചരിത്രം, ഭൂമിശാസ്ത്രം മുതലായ മതനിരപേക്ഷ വിഷയങ്ങളും പഠിക്കുന്നു. ആണ്ടിൽ പന്ത്രണ്ടോളം ബിരുദധാരികൾ ഈ മദ്രസ്സയിൽനിന്നു പുറത്തുവരുന്നു. സോവിയററ് വിദ്യാഭ്യാസസമ്പ്രദായവുമായി അവിടത്തെ ഇസ്ലാമികമതവിദ്യാഭ്യാസം പൂർണമായും ഉദ്ഗ്രഥിക്കപ്പെട്ടിരിക്കുന്നു.

ഈറാൻ—അഫ്ഗാനിസ്ഥാൻ—സോവിയററ് യൂണിയൻ അതിർത്തിയിലുള്ള അഷ്ഖാബാദിൽ പള്ളികൾ ഒന്നുംതന്നെയില്ല. 1948–ലെ ഭൂമികുലുക്കത്തിൽ അവിടെയുണ്ടായിരുന്ന പഴയ കെട്ടിടങ്ങളെല്ലാം കൂട്ടത്തിൽ പള്ളികളും തകർന്നു. പള്ളികൾ വീണ്ടും പണിയണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടതുമില്ല. ഈ പ്രദേശത്തു പാർക്കുന്ന തുർക്ക്മെൻ ജനത സോവിയററ് ജീവിതരീതിയിൽ തികച്ചും ലയിച്ചുകഴിഞ്ഞിരിക്കുന്നു. എങ്കിലും, ഇവിടെയും 'അണ്ടർഗ്രൗണ്ട്' പള്ളികളും അനൗദ്യോഗിക മുല്ലമാരും ഉണ്ട്. വേണമെന്നുള്ളവർക്ക് മതചടങ്ങുകൾ അനുഷ്ഠിക്കാൻ ഈ പ്രദേശത്തുമുണ്ട് സൗകര്യം.

ഇസ്ലാമിനകത്തുതന്നെ വ്യത്യസ്തവിഭാഗങ്ങളും സോവിയററ് യൂണിയനിൽ ഇല്ലാതില്ല. ഷിയകളെപ്പററി പറഞ്ഞുവല്ലോ. ബുഖാറ നഗരപരിസരങ്ങളിൽ സൂഫികളുടെ ഒരു പള്ളി ഉണ്ടത്രെ. പക്ഷേ, വിദേശീയർക്ക് ഇവിടെ പ്രവേശനമില്ല.

അണ്ടർഗ്രൗണ്ട് മതഗ്രൂപ്പുകൾ തഴച്ചുവളരുന്നതു് സോവിയററ് യൂണിയൻ ഇഷ്ടപ്പെടുന്നില്ല. സർക്കാരിന്റെ അനുവാദത്തോടെ യാഥാസ്ഥിതിക മതവിഭാഗങ്ങൾ നിലനിൽക്കുന്നതാണ് കൂടുതൽ അഭിലഷണീയമെന്ന് സോവിയററ് അധികൃതർ കരുതുന്നു. സോവിയററ് മുസ്ലീങ്ങൾ ഇപ്പോൾ കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ അസംതൃപ്തരല്ല. എന്നാലും, അതിർത്തിക്കപ്പുറത്ത്, ഈറാനിൽനിന്നും അഫ്ഗാനിസ്ഥാനിൽനിന്നും ഇസ്ലാമിക് ഫണ്ടമെൻറലിസ്റ്റ് ചിന്താഗതികൾ സോവിയററ് യൂണിയനകത്തേക്കു ചോർന്നു കടന്നേക്കാമെന്ന ഭീഷണി എപ്പോഴുമുണ്ട്. അതേ സമയം, ഖൊമൈനിയുടെ ക്രൂരകൃത്യങ്ങളിലും അതിവാദങ്ങളിലും സോവിയററ് മുസ്ലീങ്ങൾ പൊതുവെ അസന്തുഷ്ടരാണ്. 'ഞങ്ങൾക്കു ഞങ്ങളുടെ ഖുർ—ആനും പള്ളികളുമുണ്ട്! ഖൊമൈനിയെക്കൊണ്ട് ഞങ്ങൾക്ക് എന്താവശ്യം?' എന്നതാണത്രെ ബാക്കുപ്രദേശത്തിലെ ഇസ്ലാം മതനേതാക്കളുടെ നിലപാട്. അതേസമയം, അസർബൈജാനിലെ ഷിയകളും ഈറാനിലെ ഷിയകളും തമ്മിൽ സാമൂഹ്യസമ്പർക്കങ്ങൾ ഇല്ലായ്കയുമില്ല. (ആധാരം: ലണ്ടൻടൈംസിലെ ഒരു ലേഖനം)

8–9–1985

## 20. ജൂതന്മാരും ക്രിസ്ത്യാനികളും

'ഇസ്രായേൽ' എന്ന ജൂതപരമാധികാരസ്വതന്ത്രരാഷ്ട്രം 1948–ൽ പാലസ്തീനിൽ നിലവിൽവന്നു. തലമുറകളായി പാലസ്തീൻ പ്രദേശത്തു താമസിച്ചുപോന്ന മുസ്ലീങ്ങളായ അറബികളും, പല രാജ്യങ്ങളിൽനിന്ന് ആ പ്രദേശത്തേക്കു പ്രവഹിച്ച ജൂതരും തമ്മിലുള്ള പോരാട്ടം അതോടെ ആരംഭിച്ചു. ഇന്നും തുടർന്നുവരുന്ന ഈ പോരാട്ടത്തിൽ അമേരിക്കയുടെ അകമഴിഞ്ഞ സഹായംനിമിത്തം ജൂതർ ജയിച്ചുനിൽക്കുകയാണ്. നമ്മ